# പതിനാലാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3158** **18.06.2019-ൽ മറുപടിയ്ക്ക്**

**ഇരികുളം ഭൂതത്താൻകെട്ട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറി**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) കോതമംഗലം മണ്ഡലത്തിൽ ഇരികുളം ഭൂതത്താൻകെട്ട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | എ) | കോതമംഗലം മണ്ഡലത്തിൽ ഇരികുളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ ഹാച്ചറി കെട്ടിടം, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളം എന്നിവ ഉൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മത്സ്യ കുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപന നടത്തിവരുന്നു. |
| ബി) പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;<br>സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തന ങ്ങളിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തി യിരിക്കുന്നതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനു ണ്ടെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തി കൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;<br>ഡി) ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | ബി), സി) & ഡി) | ഇല്ല. പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കു ന്നതിന് 11കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തന ങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട് റിയറിംഗ് പോണ്ട്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, ഇലക്ട്രിഫി ക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടു ത്തിയിരിക്കുന്നത്. നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപാ ദനവും വിപണനവും നടത്തി വരുന്നു. പ്രസ്തുത പ്രൊപ്പോസലിന് അനുമതിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീ കരിച്ച് ഹാച്ചറി പൂർണ്ണ തോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**